ശ്രീ. പി. സി. ആദിച്ചൻ : കൊട്ടാരക്കര കുറെ നിലം നികത്തി ഭൂമി എടുത്തിട്ടില്ലേ ; അതു് ട്രാൻസ്പോർട്ട് ഗ്യാരേജിനല്ലേ ?

ശ്രീ കെ ടി. അച്യുതൻ : അതു പോരാതെവന്നു. കുറെ സ്ഥലം കൂടി ഗ്യാരേജിനായി എടുക്കേണ്ടിവന്നു. അതിന്റെ പണി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. എം. ജാർജ്ജു് : മൂവാറ്റുപുഴ ട്രാൻസ്പോർട്ടു് ഗ്യാരേജിനുവേണ്ടി കുറെ സ്ഥലം ട്രാൻസ്പോർട്ട് ഡയറക്ടറും മറ്റുദ്യോഗസ്ഥന്മാരും പോയി പരിശോധിച്ചിട്ടുള്ളതാണു്. അവിടെ അതിന്റെ പണി എന്നാണു് ആരംഭിക്കുന്നതു് ?

ശ്രീ. കെ. ടി. അച്യുതൻ : ഇവിടെ മുൻഗണനാ തോതിൽ കുറേ സ്ഥലങ്ങളുടെ പേർ പറഞ്ഞു എന്നേയുള്ളു. പ്രത്യേകമായി എല്ലാ സെൻറുകളിലും ഗ്യാരേജു സൗകര്യം വേണമെന്നാണു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്.

ശ്രീ. എൻ. ഈ. ബലറാം : കണ്ണൂരിൽ ട്രാൻസ്പോർട്ടു് ഗ്യാരേജു പണിയുന്നതാണെന്നു ഇതിനു മുൻപു് ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു. അതേ സംബന്ധിച്ചു് വല്ല സ്റ്റെപ്പും എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : മെമ്പർ അവിടെപോയി നോക്കിയാൽ കാണാൻ സാധിക്കും, അവിടെ ട്രാൻസ്പോർട്ട ഗ്യാരേജിനു പണി തുടങ്ങിയിട്ടുള്ള കാര്യം.

ശ്രീ. ടി. ഓ. ബാവ : ആലുവാ ട്രാൻസ്പോർട്ടു് ഗ്യാരേജും ബസ്സ്റ്റാൻറും മൂന്നു മൈൽ ദൂരെ സ്ഥിതിചെയ്യുന്നതുകൊണ്ടു് ഏതാണ്ടു് 500-ൽ കൂടുതൽ ഡെഡ്മൈൽ സംഭവിക്കുന്നുണ്ടു്. അതേമാതിരി ആയിരക്കണക്കിനു് രൂപ സക്കാരിലേക്കു് നഷ്ടം വന്നുകൊണ്ടിരിക്കുകയുമാണെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനു പരിഹാരം കാണാൻ വല്ല നടപടിയും ഗവണ്മെൻറു് എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ഇപ്പോഴം അവിടെ റയിൽവേസ്റ്റേഷനടുത്തുള്ള ട്രാൻസ്പോർട്ടു് ഗ്യാരേജു് കുറേക്കൂടി വിപുലപ്പെടുത്താനും, ചില്ലറ റിപ്പയറുകളൊക്കെ അവിടെ നടത്താനും പ്രധാനമായിട്ടുള്ള റിപ്പയറിനു് വക്കുഷാപ്പിൽ കൊണ്ടുപോകാനുമുള്ള ഒരു നിലപാടാണു് ഗവണ്മെൻറു് എടുത്തിട്ടുള്ളതു്. ഗ്യാരേജുള്ള സ്ഥലത്തു് കൂടുതൽ സ്ഥലം എടുക്കുന്നതിനു വേണ്ട നടപടികളും എടുത്തിട്ടുണ്ടു്. അതിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ ഈ ബുദ്ധിമുട്ടു് പരിഹരിക്കപ്പെടും.

നേഴ്സറി സ്കൂളുകൾ

* 866. [5] ശ്രീ. കെ. ഹസ്സൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസംസ്ഥാനത്തു് ആകെ എത്ര നേഴ്സറി സ്കൂളുകൾ ഉണ്ടു് ;

(ബി) പ്രൈവറ്റു എത്ര ; ഗവണ്മെൻറുവക എത്ര ;

(സി) എത്ര പ്രൈവറ്റു നേഴ്സറി സ്കൂളുകൾക്കു് ഇനിയും ഗ്രാൻറുകൾ നൽകാനുണ്ടു് ;

(ഡി) കാലതാമസത്തിനു കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഗവണ്മെൻറു് സ്കൂളുകളും ഗവണ്മെൻറിൽനിന്നു് ഗ്രാൻറു് നൽകുന്ന പ്രൈവറ്റു സ്കൂളുകളുമായി സംസ്ഥാനത്തു് 112 നേഴ്സറി സ്കൂളുകളുണ്ടു്.

(ബി) പ്രൈവറ്റു് സ്കൂളുകൾ 89

ഗവണ്മെൻറുവക സ്കൂളുകൾ 23

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇനി 10 സ്കൂളുകൾക്ക് ഈ വർഷത്തെ ഗ്രാന്റ് നൽകാനുണ്ട്. അതിൽ രണ്ടെണ്ണം ഗ്രാന്റിനു് അർഹതയില്ലാത്തതാകുന്നു.

(ഡി) ഗ്രാന്റ് നൽകുന്നതു് ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ആഫീസറുടേയും, റീജിയണൽ ഡപ്യൂട്ടി ഡയറക്ടറേറ്റുടേയും ശുപാർശയുടെ അടിസ്ഥാനത്തിലാണു്. ബാക്കിയുള്ള സ്കൂളുകൾക്ക് ഗ്രാന്റു നൽകുന്നതിനു് ഉണ്ടായ കാലതാമസത്തെക്കുറിച്ചു് അന്വേഷിക്കുകയാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : കാളിഫിക്കേഷനില്ലാതെ നിശ്ചയിച്ച സ്റ്റാഫിനു് എക്സംപ്ഷൻ കൊടുക്കേണ്ട ഉത്തരവാദിത്വം ഗവണ്മെന്റിൽ നിക്ഷിപ്തമാണു്. അതുകൊണ്ടു് എക്സംപ്ഷൻ കൊടുത്തു് ഈ മാർച്ചു് 31-ാം തീയതിക്കു മുൻപുതന്നെ ഗ്രാന്റു് കൊടുക്കുന്നതിനു് കല്പന പുറപ്പെടുവിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : കാളിഫിക്കേഷനില്ലാത്തവക്കു് എക്സംപ്ഷൻ കൊടുക്കേണ്ട ആവശ്യമില്ല. കാളിഫിക്കേഷനുള്ള ആളുകളെ ധാരാളമായുണ്ടു്. മുൻപു് കുറേ സ്കൂളുകൾക്കു് ഗ്രാന്റു കൊടുത്തുകൊണ്ടിരുന്നതു് ഇപ്പോഴും തുടർന്നു വരുന്നു എന്നേയുള്ളൂ.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : കരുനാഗപ്പള്ളി താലൂക്കിൽ കുലശേഖരപുരം വില്ലേജിൽ അന്തിനാട്ടു് ഒരു നേഴ്സറി സ്കൂളിനു് ആവശ്യമായ ഉപകരണം, കെട്ടിടം, പരിശീലനം സിദ്ധിച്ച അദ്ധ്യാപകർ ഇവയെല്ലാം ഉണ്ടായിട്ടും മാനേജർ 1961 മുതൽ ഗ്രാന്റിനു് അപേക്ഷിച്ചിട്ടു് ഇതുവരേയും കൊടുത്തിട്ടില്ല. ആ വിവരം ഗവണ്മെന്റു് അന്വേഷിച്ചു് ആ നേഴ്സറി സ്കൂളിനു് ഗ്രാന്റു് കൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെ വേറെയും പല സ്കൂളുകൾ കാണും. ഇപ്പോൾ അങ്ങനെ പ്രീ പ്രൈമറി സ്കൂളുകൾക്കു് ഗ്രാന്റു കൊടുക്കുന്ന നയം ഗവണ്മെന്റിനില്ല. മുൻപു് ചില സ്കൂളുകൾക്കു് കൊടുക്കാൻ ഇടയായി. അതു തുടർന്നു പോരികയാണു്.

ശ്രീ. സി. എ. മാത്യു : ഈ സംസ്ഥാനത്തു് എൻ. ഇ. എസ്. ബ്ലോക്കുകളുടെ ബഡ്ജറ്റിലുള്ള തുക വിനിയോഗിച്ചുകൊണ്ടു് ചില നേഴ്സറി ക്ലാസ്സുകൾ തുടങ്ങിയിട്ടുണ്ടു്. ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന തുക തീരുന്ന മുറക്കു് അതു നിന്നുപോകുകയാണു് ചെയ്യുന്നതു്. അങ്ങനെ നിന്നുപോകുന്ന സ്കൂളുകൾക്കു് അവ നിന്നുപോകാതെ തുടർന്നു നടത്തിക്കൊണ്ടു പോകുന്നതിനു് ഗ്രാന്റോ മറ്റു വല്ല സഹായങ്ങളോ ഈ ബ്ലോക്കുകൾക്കു് നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : നേഴ്സറി സ്കൂളുകൾക്കു് ഗ്രാന്റു് കൊടുക്കുക എന്നുള്ളതു് ഇപ്പോൾ ഗവണ്മെന്റു് അംഗീകരിച്ചിട്ടുള്ള ഒരു നയമല്ല. കുറേ സ്കൂളുകൾക്കു് മുൻപു് കൊടുത്തിട്ടുണ്ടു്. അതു തുടരുന്നു എന്നു മാത്രമേയുള്ളൂ. അതിനുവേണ്ടി പ്രത്യേക ഫണ്ടു് നീക്കിവച്ചിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ് : നേഴ്സറി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ പരിഗണിച്ചു് ഗവണ്മെന്റിന്റെ സാമ്പത്തിക വൈഷമ്യങ്ങളും കണക്കിലെടുത്തുകൊണ്ടുതന്നെ കേന്ദ്രത്തിൽനിന്നു് കൂടുതൽ സഹായം വാങ്ങുന്നതിനു് 50 സെന്റു് സ്ഥലമുണ്ടെങ്കിൽ മാത്രമേ എന്തെങ്കിലും സഹായം ലഭിക്കുകയുള്ളൂ എന്നുള്ളതു ലാഘവപ്പെടുത്തി 25 സെന്റും അതിനു താഴെ സ്ഥലവുമുള്ള സ്കൂളുകൾക്കുകൂടി എന്തെങ്കിലും ധനസഹായം ചെയ്തുകൊടുത്തു് ഇതു സാർവ്വത്രികമാക്കിത്തീർക്കുന്നതിനും വേണ്ട നടപടി ഗവണ്മെന്റു് സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഗ്രാന്റു് പുതിയതായി കൊടുക്കാൻ നിവൃത്തിയില്ലാത്തപ്പോൾ സൗജന്യം കൊടുക്കുന്നതു് എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല. ഇൻഡ്യാഗവണ്മെന്റു് ഈ കാര്യത്തിൽ സഹായധനം ചെയ്യുമോ എന്നു നിശ്ചയമില്ല. ഏതായാലും പരിഷ്കൃത രാജ്യങ്ങളിലെല്ലാം പ്രീ പ്രൈമറി എഡ്യൂക്കേഷൻ പ്രൈവറ്റു് സെക്ടറിൽ നടത്തുകയാണു് ചെയ്യുന്നതു്. ഗവണ്മെന്റു് എന്തെങ്കിലും പ്രത്യേകമായി സഹായം ചെയ്തുകൊടുക്കണമോ എന്നുള്ള കാര്യത്തെപ്പറ്റി ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട മഞ്ചേരി നേഴ്സറി സ്കൂളിനു് കഴിഞ്ഞ രണ്ടു വർഷക്കാലമായി ന്യായമായുള്ള റക്കറിംഗ്ഗ്രാം നാൺറക്കറിംഗ്ഗ്രാന്റു് കൊടുക്കുന്നില്ല. ഈ കാര്യത്തെപ്പറ്റി ആലോചിച്ചു് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇതിനു പ്രത്യേകമായി ഉത്തരം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : നേഴ്സറി സ്കൂളുകളും പ്രൈവറ്റു് സെക്ടറിൽ നടത്തണമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഒരു പരീക്ഷണമെന്ന നിലയിൽ നടത്തിവരുന്ന പ്രൈവറ്റു് നേഴ്സറി സ്കൂളുകളിൽ പാവപ്പെട്ടവരുടെ കുട്ടികൾക്കു് ഫീസ് കൊടുത്തു പഠിക്കാൻ സൗകര്യമില്ല എന്നുള്ളതിനെ പരിഗണിച്ചു് ഈ പാവപ്പെട്ട കുട്ടികൾക്കു് പ്രീ പ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നതിനു് എന്തു നടപടിയെടുക്കാനാണു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു് ? ഗവണ്മെന്റുതന്നെ അതിനുവേണ്ട സൗകര്യം ചെയ്തുകൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : വാസ്തവത്തിൽ തത്വം വളരെ നല്ലതാണു്. ഗവണ്മെന്റിനു് ആ കാര്യത്തിൽ അനുഭാവമുണ്ടു്. ഇപ്പോഴുള്ള പള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകർക്കു് ശമ്പളം മുഴുവൻ കൊടുക്കുന്നില്ലെന്നു പറഞ്ഞു് വളരെയേറെ പ്രക്ഷോഭണവും സത്യാഗ്രഹങ്ങളും നടക്കുന്ന ഈ കാലത്തു് ഇതുവരെ കൈവച്ചിട്ടില്ലാത്ത ഒരു രംഗത്തുകൂടി പ്രവേശിക്കുന്നതു് ബുദ്ധിപൂർവ്വമായിരിക്കുകയില്ലെന്നു ഗവണ്മെന്റു് വിചാരിക്കുന്നു.

പഞ്ചായത്തുകളുടെ വികസനത്തിനു് മാസ്റ്റർപ്ലാൻ.

* 867. [6] † ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ വികസനത്തിനു് മാസ്റ്റർപ്ലാൻ തയ്യാറാക്കി പ്രാവർത്തികമാക്കാൻ വല്ല പദ്ധതിയും ഗവണ്മെന്റിനുണ്ടോ ;

(ബി) മേജർ പഞ്ചായത്തുകളെ സംബന്ധിച്ചെങ്കിലും അങ്ങനെ ചെയ്യുമോ ;

(സി) തൊടുപുഴ പഞ്ചായത്തിന്റെ വികസനത്തിനു് അങ്ങനെ ഒരു പ്ലാൻ തയാറാക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) പഞ്ചായത്തുകൾക്കു് പ്രത്യേകമായി മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി) ഇപ്പോഴും തയ്യാറാക്കിക്കൊണ്ടിരിക്കുന്ന എറണാകുളം, കോഴിക്കോടു്, തിരുവനന്തപുരം മേഖലാപദ്ധതികളിൽ പല പഞ്ചായത്തുകളേയും ഉൾപ്പെട്ടുത്തുണ്ടു്.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

മത്സ്യത്തൊഴിലാളികളുടെ വേനനിർമ്മാണം.

* 868. [7] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനും തൊഴിൽ അഭിവൃദ്ധിക്കും വേണ്ടി 1964–65–ലേക്കു് ഓരോ ജില്ലയിലും എത്ര രൂപവീതം ചെലവുചെയ്യാനാണുദ്ദേശിക്കുന്നതെന്നും, അതുകൊണ്ടു് എവിടെയെല്ലാം എന്തു പണികളും നടത്താൻ പോകുന്നുവെന്നും വ്യക്തമാക്കുമോ ;

† Put by Shri C. A. Mathew.

LIBRARY ARCHIVES Kerala Legislative Assembly